# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ -21 — 25.04.2017 ൽ മറുപടിയ്ക്ക്

## ഡി.ജി.പി. ഓഫീസിന് മുന്നിലെ സമരം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.എസ്.ശിവകുമാർ<br>ശ്രീ.റോജി എം. ജോൺ<br>ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.അൻവർ സാദത്ത് | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ജിഷ്ണു പ്രണോയ് യുടെ മരണത്തിന് ഉത്തരവാദികളായവരെ അറസ്റ്റ് ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് ഡി.ജി.പി. ഓഫീസിന് മുന്നിലെത്തിയ ജിഷ്ണുവിന്റെ മാതാവിനെ പോലീസ് ചവിട്ടി വീഴ്ത്തി വലിച്ചിഴച്ചുവെന്ന ആരോപണം തള്ളി റെയിഞ്ച് ഐ.ജി. മനോജ് എബ്രഹാം റിപ്പോർട്ട് നൽകിയിട്ടുണ്ടോ; | (എ) ഈ വിഷയവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം റേഞ്ച് ഐ.ജി. അന്വേഷണം നടത്തിയിരുന്നു. എന്നാൽ ജിഷ്ണു പ്രണോയിയുടെ അമ്മയുടെയും ബന്ധുക്കളുടെയും ആവശ്യം പരിഗണിച്ച് സർക്കാർ ഉത്തരവ് ജി.ഒ.(ആർ.ടി.) നം. 891/2017/ആഭ്യ. തീയതി 10/04/2017 പ്രകാരം ഇതു സംബന്ധിച്ച് ഉന്നതതല അന്വേഷണം നടത്തുന്നതിന് ക്രൈംബ്രാഞ്ച് എ.ഡി.ജി.പി. ശ്രീ.നിതിൻ അഗർവാൾ ഐ.പി.എസിനെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടില്ല. |
| (ബി) പ്രസ്തുത റിപ്പോർട്ടിൽ ജിഷ്ണുവിന്റെ ബന്ധുക്കളും ഒപ്പമുണ്ടായിരുന്ന ചിലരും ഡി.ജി.പി.യുടെ മുറിക്ക് മുന്നിൽ സമരം ചെയ്യുവാൻ ഗൂഢാലോചന നടത്തിയതായി കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത കണ്ടെത്തലിന് ആധാരമായ വസ്തുതകൾ എന്തൊക്കെയാണ്; | (ബി) പ്രാഥമിക അന്വേഷണത്തിൽ ജിഷ്ണുവിന്റെ ബന്ധുക്കൾക്ക് ഒപ്പം നുഴഞ്ഞു കയറിയതായി പറയപ്പെടുന്ന ചില ആളുകൾ ഗൂഢാലോചന നടത്തിയതായി വെളിവായിട്ടുണ്ട്. ഇതു സംബന്ധിച്ച് തിരുവനന്തപുരം സിറ്റി മ്യൂസിയം പോലീസ് സ്റ്റേഷൻ ക്രൈം നം. 552/17 u/s 120(b), 143, 147, 149, 283, 353 IPC & 39 r/w 121 of KP Act 2011 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. |
| (സി) ഈ കേസിൽ അറസ്റ്റിലായ ഹിമവൽ ഭദ്രാനന്ദയും, കെ.എം.ഷാജഹാനും ഗൂഢാലോചനയിൽ പങ്കെടുത്തതായി കണ്ടെത്തിയിട്ടുണ്ടോ; | (സി) മ്യൂസിയം പോലീസ് സ്റ്റേഷനിലെ ക്രൈം നമ്പർ 552/17 കേസിലെ ഒന്നും, അഞ്ചും പ്രതികളാണിവർ. വിശദമായ അന്വേഷണം നടന്നു വരുന്നു. |

| | |
|---|---|
| (ഡി) 'ജിഷ്ണ കേസ് പ്രചാരണമെന്ത്, സത്യമെന്ത്' എന്ന തലക്കെട്ടിൽ ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിന്റേതായി പത്രപ്പരസ്യം പ്രസിദ്ധീകരിക്കാനുണ്ടായ പ്രത്യേക സാഹചര്യമെന്തായിരുന്നുവെന്ന് വെളിപ്പെടുത്തുമോ; പ്രസ്തുത പരസ്യത്തിന് എന്ത് തുക ചെലവായി; | (ഡി) യും (ഇ) യും ഇത്തരം സമരങ്ങൾ നടക്കുന്ന സാഹചര്യങ്ങളിൽ വകുപ്പ് ഇത്തരം പരസ്യങ്ങൾ നൽകാറുണ്ട്. പത്രങ്ങൾ പരസ്യബില്ലുകൾ സമർപ്പിച്ചിട്ടില്ലാത്തിനാൽ തുകയൊന്നും ഇതുവരെ വിനിയോഗിച്ചിട്ടില്ല. സർക്കാരിന്റെ നിലപാടുകൾ ജനങ്ങളിലെത്തിക്കാൻ ആവശ്യമായി വരുന്ന പക്ഷം പരസ്യങ്ങൾ നൽകുന്ന വിഷയം പരിഗണിക്കുന്നതാണ്. |
| (ഇ) ഭാവിയിലും സർക്കാർ നിലപാടുകൾ അറിയിക്കുവാൻ ഇത്തരത്തിലുള്ള പരസ്യങ്ങൾ നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ? | |

സെക്ഷൻ ഓഫീസർ.